Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2023/1421 (19) തീയതി: 05.07.2023

# സർക്കുലർ

**വിഷയം:– കൈറ്റ് – കാലാവസ്ഥാ വ്യതിയാനം – സ്കൂൾ സുരക്ഷ – നോഡൽ ഓഫീസർമാരുടെ പേരുവിവരം സമ്പൂർണ പോർട്ടലിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്**

സൂചന:– പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.07.2023 ലെ എം3/1454970/2022/ഡി.ജി.ഇ. നമ്പർ സർക്കുലർ.

കാലാവസ്ഥാ വ്യതിയാനമുണ്ടാകുമ്പോഴും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ സ്കൂളുകളും വിദ്യാഭ്യാസ ഓഫീസുകളും സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് സൂചന പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദേശങ്ങളിൽ ***എല്ലാ സ്കൂളുകളിലും അടിയന്തിര സാഹചര്യങ്ങളിൽ വിവരങ്ങൾ കൈമാറുന്നതിനും ബന്ധപ്പെടുന്നതിനും ഒരു സെൽ രൂപീകരിച്ച് ഒരു അധ്യാപകനെ സ്കൂൾ സേഫ്റ്റി നോഡൽ ഓഫീസറായി നിയമിക്കേണ്ടതാണെന്നും ടി അധ്യാപകന്റെ പേര്, ഫോൺ നമ്പർ എന്നിവ സമ്പൂർണ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണെന്നും*** വ്യക്തമാക്കിയിട്ടുണ്ട്. 'സമ്പൂർണ'യിൽ സ്കൂൾ സുരക്ഷാ നോഡൽ ഓഫീസർമാരുടെ പേരുവിവരം ഉൾപ്പെടുത്തുന്നതിന് കൈറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്. അതിനായി സ്കൂളുകൾ സമ്പൂർണയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്:

1. സ്കൂളുകൾ സമ്പൂർണയിൽ നിലവിൽ ലഭ്യമാക്കിയിരിക്കുന്ന യൂസർ ഐ.ഡി., പാസ്‌വേഡ് ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഡാഷ്ബോർഡിലെ ***'സ്കൂൾ സുരക്ഷ–നോഡൽ ഓഫീസർ'*** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്ത് വിവരം ഉൾപ്പെടുത്തേണ്ടതാണ്.



2. ***'സ്കൂൾ സുരക്ഷ–നോഡൽ ഓഫീസർ'*** എന്ന ഐക്കണിൽ ക്ലിക്ക് ചെയ്ത് നോഡൽ ഓഫീസറുടെ പേര്, തസ്തിക, മൊബൈൽ ഫോൺ നമ്പർ, ഇ–മെയിൽ വിലാസം എന്നിവ നൽകി സേവ് ചെയ്യുക.




3. സ്കൂളുകളിൽ ഏതെങ്കിലും വിധത്തിലുള്ള അടിയന്തിര സാഹചര്യങ്ങളുണ്ടായാൽ അതിന്റെ വിവരം സമ്പൂർണയിൽ ഉൾപ്പെടുത്തുന്നതിന് *'Add Incident Details'* ൽ തീയതി രേഖപ്പെടുത്തി ഇൻസിഡന്റിന്റെ ഫോട്ടോ എടുത്ത് അപ്‌ലോഡ് ചെയ്യുന്നതിനും റിമാർക്ക്സ് കോളത്തിൽ വിവരം ഉൾപ്പെടുത്തുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്.

സമ്പൂർണയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ സ്കൂളുകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേയ്ക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാ കോ–ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ